# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4272 20.03.2018 ൽ മറുപടിയ്ക്ക്

### ട്രാഫിക് നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനുള്ള ആധുനികസംവിധാനം

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രാഫിക് നിയമ ലംഘനങ്ങൾ പകർത്തുന്നതിന് അത്യാധുനിക ക്യാമറകൾ സ്ഥാപിച്ച എത്ര വാഹനങ്ങൾ വാങ്ങിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) യും (ബി) യും | കേരള റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ ഉപകരണങ്ങൾ ഇന്റർസെപ്റ്ററുകളിൽ ഘടിപ്പിയ്ക്കണമെന്ന നിബന്ധനയോടു കൂടി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങുവാൻ 425 ലക്ഷം രൂപ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചു. 122.86 ലക്ഷം രൂപയ്ക്ക് ഇന്റർസെപ്റ്റർ ആക്കി മാറ്റുവാനുള്ള 17 വാഹനങ്ങൾ വകുപ്പ് വാങ്ങിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങളിൽ ഘടിപ്പിയ്ക്കേണ്ടുന്ന റഡാറും മറ്റു റോഡ് സുരക്ഷാ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ ത്വരിതഗതിയിൽ പുരോഗമിയ്ക്കുന്നു.ടെൻഡർ നടപടികൾ പൂർത്തിയാക്കി ഉപകരണങ്ങൾ വാങ്ങി ഘടിപ്പിച്ചതിന് ശേഷം മാത്രമേ വാഹനങ്ങൾ വിതരണം ചെയ്യുന്നതിന് സാധിക്കുകയുള്ളൂ |
| (ബി) | ഇതിൽ എത്രയെണ്ണം ഇപ്പോൾ ഉപയോഗത്തിലുണ്ടെന്നും ഈ വാഹനങ്ങൾ ആരുടെ മേൽനോട്ടത്തിലാണ് റോഡുകളിൽ നിർത്തി വിവരങ്ങൾ റിക്കോർഡ് ചെയ്യുന്നതെന്നും വ്യക്തമാക്കാമോ; | | |
| (സി) | ഈ വാഹനങ്ങൾ സഞ്ചരിക്കേണ്ട റൂട്ട് നിശ്ചയിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | റൂട്ട് നിശ്ചയിക്കുന്നത് അതാത് സോണൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും കൂടാതെ അതാതു ജില്ലകളിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുമാണ്. |

സെക്ഷൻ ഓഫീസർ